കണ്ടിജൻസി സർവ്വീസിലെ സി.എൽ.ആർ. തൊഴിലാളികളുടെ ദിവസവേതനം

116 (1586) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ ജോലി ചെയ്യുന്ന കണ്ടിജൻസി സർവ്വീസിലെ സി.എൽ.ആർ. തൊഴിലാളികളുടെ ദിവസ വേതനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ ദിവസവേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കാര്യത്തിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുമോ ;

(ഡി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം മുൻസിപ്പാലിറ്റികളിലാണ് സാനിറ്റേഷൻ വർക്കർ തസ്തിക പുതുതായി അനുവദിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത് ;

(ഇ) ഈ തസ്തിക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 186 രൂപ.

(ബി) ഉണ്ട്.

(സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പയ്യന്നൂർ, തളിപ്പറമ്പ്, മട്ടന്നൂർ, കൂത്തുപറമ്പ് എന്നീ നഗരസഭകളിൽ.

(ഇ) സർക്കാർ പരിശോധിച്ചുവരുന്നു.

ബോർഡുകളിൽ സ്ഥലനാമം എഴുതാത്ത സ്ഥാപനങ്ങൾ

117 (1587) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോർഡുകളിൽ സ്ഥലനാമം എഴുതാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകില്ല എന്ന് സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളുടെ ലൈസൻസുകളാണ് പുതുക്കി നൽകാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോഴും പല സ്ഥലങ്ങളിലും ബോർഡുകളിൽ സ്ഥലനാമം എഴുതാത്ത അനേകം സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ ;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ 'കേരള സർക്കാർ' എന്ന് ബോർഡ് എഴുതിവെയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരത്തിൽ ബോർഡ് വയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്മേൽ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 'കേരള സർക്കാർ' എന്ന ബോർഡ് വയ്ക്കാൻപാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജീവനക്കാരുടെ പുനർവിന്യാസം

118 (1588) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജീവനക്കാരെ പുനർവിന്യസിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുനർവിന്യസിച്ച ജീവനക്കാരിൽ ജോലിയിൽ പ്രവേശിക്കാത്ത എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം 3858 ജീവനക്കാരെ പുനർവിന്യസിച്ചു.

(ബി) പുനർവിന്യസിക്കപ്പെട്ടതിൽ എഞ്ചിനീയറിംഗ് വിംഗിലെ സാങ്കേതികേതര വിഭാഗത്തിൽ 633 പേർ ജോലിയിൽ പ്രവേശിക്കാനുണ്ട്.

പുനർവിന്യസിച്ച ജീവനക്കാരിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലും തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വിംഗിലെ സാങ്കേതിക വിഭാഗത്തിലും ജോലിയിൽ പ്രവേശിക്കാത്തവരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പുതുക്കിയ കെട്ടിട നികുതി ചുമത്തുന്നതു സംബന്ധിച്ചു നൽകിയ നിർദ്ദേശങ്ങൾ

119 (1589) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ കെട്ടിട നികുതി ചുമത്തുന്നതു സംബന്ധിച്ച് സർക്കാർ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly